

little KITEs
ദർപ്പണം
ബി എസ് എസ് എച്ച് എസ് എസ്
കൊല്ലങ്കോട്
സ്കൂൾ മാഗസിൻ



BSSHSS KOLLENODE

കൊല്ലങ്കോട് നഗരത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് **ബി.എസ്സ്.എസ്സ്.എച്ച്.എസ്സ്.എസ്സ്. കൊല്ലങ്കോട്. രാജാസ് സ്കൂൾ** എന്ന പേരിലാണ് പൊതുവെ അറിയപ്പെടുന്നത്. 1883-ൽ സ്ഥാപിച്ച ഈ വിദ്യാലയം പാലക്കാട് ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്.

Coverpage Design



**അഭിനവ് .എം**

**(സംസ്ഥാനതലത്തിൽ പെൻസിൽ ഡ്രോയിങ്, എണ്ണച്ചായം, ജലച്ചായം എന്നിവയിൽ എ ഗ്രേഡ് കരസ്ഥമാക്കിയ വിദ്യാർത്ഥി )**

MAGAZINE EDITORS




സന്ദീപ്.കെ ☆ അഭിജിത്ത്.കെ ☆ ദിലീഷ്.എ.ഡി ☆ ശിവകുമാർ.വി

## പ്രിൻസിപ്പൽ



ശ്രീ രവീന്ദ്രൻ മാസ്റ്റർ



## ആശംസകളോടെ




**ശ്രീമതി ഇ കെ പ്രീത**

ഈ മാഗസിൻ തയ്യാറാക്കുന്നതിൽ നീണ്ട നാളുകളിലെ പരിശ്രമം ഉണ്ടായിട്ടുണ്ട്. ഇതിന് പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ് അംഗങ്ങൾക്കും, സർഗാത്മക സൃഷ്ടികളിലൂടെയും, സ്വായത്തമാക്കിയ അറിവുകളുടെ അനുയോജ്യമായ അവതരണങ്ങളിലൂടെയും മാഗസിൻ മികവുറ്റതാക്കി മാറ്റിൻ സഹകരിച്ച എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ആശംസകൾ നേരുന്നു.

സ്നേഹപൂർവ്വം

Preetha

## ആദരാഞ്ജലികൾ



മനോജ്....നീ ഞങ്ങൾക്ക് ആരായിരുന്നു...

ഞങ്ങളുടെ കൂട്ടുകാരൻ ,ടീച്ചറുടെ പ്രിയപ്പെട്ട പിരിവുകാരൻ. തിരുച്ചുവരാത്ത ലോകത്തേക്ക് ഒരു യാത്രാമൊഴി പോലും പറയാതെ, നീ പോലും അറിയാതെ നീ പോയപ്പാൾ പുസ്തകത്താളിൽ ആദരാഞ്ജലികൾ അർപ്പിച്ച് നിസ്സഹായതയോടെ നിൽക്കേണ്ടി വന്ന ഞങ്ങൾക്ക് കൂടുതലൊന്നും പറയാനില്ല ... ഓർമ്മയിൽ അവശേഷിക്കുന്നത് നീ കൂടെയുണ്ടായിരുന്ന ചൊവ്വാഴാച്ച മാത്രം .....

**************************

## ഉള്ളടക്കം


ബി.എസ്സ്.എസ്സ്.എച്ച്.എസ്സ്.എസ്സ് കൊല്ലങ്കോട്........8
വിദ്യാലയ ചരിത്രം........8
വൈകി എത്തുന്ന കുട്ടി........11
ഇ.കെ.പ്രീത........11
പ്രധാനധ്യാപിക........11
കഴിവും ഭാഗ്യവും........17
കഥ സൂരജ് VIII-D........17
കാണാതായ പണക്കിഴി........18
കഥ അജിത്ത്.എൻ........18
X-A........18
ഞങ്ങളുടെ ഗോവിന്ദമലകയറ്റം........19
പദപ്രശ്നം........21
മുഹമ്മദ് ഫൈസൽ താഴോട്ട്........21
കുട്ടിപ്പട്ടി........22
പ്രളയം........23
മണ്ണിനും മനുഷ്യനും വേണ്ടി........25
കൂട്ടുകാരൻ........26
സമരം........27
കലാപ്രതിഭകൾ........29
കലാപ്രതിഭകൾ........30
रक्ष रक्ष महाप्रभो........31
ആമയുടെ പുറത്തെ അടയാളങ്ങൾ........32
മഞ്ഞുതുള്ളി........33
ശലഭം........35
എന്റെ അധ്യാപകർ........36
താരികന്തോരോം........37
കുഞ്ഞിക്കിളിയും മിന്നൻ പൂച്ചയും........39
ചങ്ങാതി........40
ചങ്ങാത്ത മേഘങ്ങൾ........41
എണ്ണ നിറച്ച കരണ്ടി........43
ജലം........45
ഗണിതവും ചിട്ടയും........46
അളവുകളും ചിഹ്നങ്ങളും........47

മഹത് വചനങ്ങൾ....................................................48
ചവിട്ടുനാടകം....................................................49

# ബി.എസ്സ്.എസ്സ്.എച്ച്.എസ്സ്.എസ്സ് കൊല്ലങ്കോട്

## വിദ്യാലയ ചരിത്രം

കൊല്ലങ്കോട്:വെങ്ങുനാട് കോവിലകത്തിന്റെ അധീനതയിൽ 1883-ൽ സ്ഥാപിതമായതാണ് കൊല്ലങ്കോട് രാജാസ് ഹൈസ്കൂൾ. വെങ്ങുനാട് കൊട്ടാരത്തിലെ ധാത്രി വലിയകോവിലകത്തമ്മയുടെ ആഗ്രഹപ്രകാരം സ്ഥാപിതമായ ഈ വിദ്യാലയത്തിന്റെ സ്ഥാപക മാനേജർ വാസുദേവ വർമ രാജയാണ്.

പാഠ്യപദ്ധതിക്കൊപ്പം പ്രത്യേക കോഴ്സായി കഥകളിയും, കൃഷിയും, കർണ്ണാടക സംഗീതവും, ടൈപ്പ് റൈറ്റിംഗുമെല്ലാം ഏറെക്കാലം ഇവിടെ പഠിപ്പിച്ചിരുന്നു. 1985-ൽ സർക്കാർ ഈ കോഴ്സുകൾ നിർത്തലാക്കി. വടവന്നൂർ, എലവഞ്ചേരി, പല്ലശ്ശന, മുതലമട എന്നീ പഞ്ചായത്തുകളിൽ പുതിയ ഹൈസ്കൂളുകൾ വരുന്നതുവരെയും രാജാസ് ആയിരുന്നു ഇവിടത്തുകാരുടെ സെക്കൻഡറി പഠനത്തിനുള്ള മാതൃവിദ്യാലയം.

1989-ൽ ഈ വിദ്യാലയം ആലത്തൂർ സിദ്ധാശ്രമം ഏറ്റെടുത്തതോടെ വിദ്യാലയത്തിന്റെ പേര് ബി.എസ്.എസ്. ഹയർ സെക്കൻഡറി സ്കൂൾ എന്ന് പുനർനാമകരണംചെയ്തു.

പ്രശസ്ത കാലാവസ്ഥാ ശാസ്ത്രജ്ഞൻ ഡോ. പി.ആർ.

പിഷാരോടി, ഭാഗവതം തർജമ ചെയ്ത വിഖ്യാത സംസ്കൃതപണ്ഡിതൻ പണ്ഡിറ്റ് ഗോപാലൻനായർ, എയർ ഇന്ത്യയുടെ മുൻ ചെയർമാൻ പനങ്ങാട്ടിരി കുന്നംകുമരത്തെ കെ.കെ. ഉണ്ണി, മുൻ എം.പി. വടവന്നൂർ പാറയ്ക്കൽ ബാലചന്ദ്രമേനോൻ, മുൻ നിയമസഭാ പ്രോ-ടേം സ്പീക്കർ സി. വാസുദേവമേനോൻ, ശാസ്ത്രജ്ഞനായിരുന്ന വട്ടെക്കാട് ചാത്തലിംഗത്തെ ഡോ. സനാതനൻ, സാഹിത്യനിരൂപകൻ ആഷാമേനോൻ തുടങ്ങിയവർ ഇവിടത്തെ പൂർവ വിദ്യാർഥികളിൽ ചിലരാണ്.

വെങ്ങുനാട് കോവിലകത്തിലെ വലിയ രാജാക്കന്മാരായിരുന്ന പദ്മനാഭവർമ രാജ, വേണുഗോപാലവർമ രാജ തുടങ്ങിയവരുടെ ഹൈസ്കൂൾ വിദ്യാഭ്യാസവും ഇവിടെത്തന്നെയായിരുന്നു.

മഹാകവി പി. കുഞ്ഞിരാമൻനായർ ആറുവർഷം ഇവിടെ അധ്യാപകനായിരുന്നു. താമരത്തോണി, കവിയുടെ കാല്പാടുകൾ തുടങ്ങിയ പി.യുടെ വിഖ്യാതകൃതികൾ സൃഷ്ടിക്കപ്പെട്ടത് അദ്ദേഹം കൊല്ലങ്കോട് ജോലിചെയ്ത കാലത്താണ്.

ദേശീയ അധ്യാപക പുരസ്കാരജേതാവും ഗണിത പണ്ഡിതനുമായിരുന്ന ആർ.വി. സുബ്രഹ്മണ്യ അയ്യർ , മദ്രാസ് ഗവൺമെന്റിന്റെ മലയാളം സിലബസ് കമ്മിറ്റിയുടെ ചെയർമാനായിരുന്ന പി. രാമനെഴുത്തച്ഛൻ, സംസ്കൃതപണ്ഡിതൻ കെ. ശങ്കരമേനോൻ, പണ്ഡിറ്റ് ഗോപാലൻനായർ, കഥകളി വിദ്വാൻ കാവുങ്കൽ ശങ്കരൻകുട്ടി പണിക്കർ, കവി ഇയ്യങ്കോട് ശ്രീധരൻ, തായമ്പക വിദ്വാൻ

കാച്ചാംകുറിശ്ശി ചക്രപാണി മാരാർ, സദനം ജ്യോതി തുടങ്ങിയവർ ഇവിടെ അധ്യാപകരായിരുന്നു.

1955-ൽ നടന്ന വിദ്യാലയത്തിന്റെ ജൂബിലി ആഘോഷപരിപാടികൾ അന്ന് ഉപരാഷ്ട്രപതിയായിരുന്ന ഡോ. എസ്. രാധാകൃഷ്ണനാണ് ഉദ്ഘാടനം ചെയ്തത്. തൊള്ളായിരത്തോളം കുട്ടികളും അൻമ്പതോളം ജീവനക്കാരുമാണ് ഇപ്പോൾ വിദ്യാലയത്തിലുള്ളത്.

പ്രിൻസിപ്പലായി ശ്രീ കെ.വി. രവീന്ദ്രനും പ്രധാനാധ്യാപികയായി ശ്രീമതി ഇ.കെ. പ്രീതയും വിദ്യാലയത്തിന് ചുക്കാൻപിടിക്കുന്നു.....

***********************

# വൈകി എത്തുന്ന കുട്ടി



അധ്യാപകർക്കായി നടത്തിയ
കഥാരചന മത്സരത്തിൽ
സമ്മാനാർഹമായ കഥ

**ഇ.കെ.പ്രീത**

**പ്രധാനധ്യാപിക**

ഓട്ടോ മൺറോഡിലൂടെയുള്ള യാത്ര തുടർന്നുകൊണ്ടേയിരുന്നു. ശ്രീകല ടീച്ചർ വാച്ചിൽ നോക്കി. സമയം പതിനൊന്ന് ആവുന്നു. ഏകദേശം അരമണിക്കൂറായി സ്കൂളിൽ നിന്നും ഇറങ്ങിയിട്ട്. കൂടെയുള്ള കൗമുദി ടിച്ചർ പ്രകൃതിഭംഗി ആസ്വദിച്ചുകൊണ്ടിരിക്കുകയാണ്.ഇടയ്ക്കിടെ നോക്കു ടീച്ചർ ഈ മല കാണാൻ എന്തൊരു ഭംഗി, വെള്ളച്ചാട്ടം നോക്കു ദേ പാടത്ത് ഒരു മയ്യിൽക്കൂട്ടം എന്നെല്ലാം പറയുന്നുമുണ്ട്.

പക്ഷെ ശ്രീകല ടീച്ചർ ഇതൊന്നും ശ്രദ്ധിക്കുന്നില്ല. മനസ്സിൽ മുഴുവൻ അവന്റെ രൂപമാണ് എന്താണ് അവൻ പറയാതെ ഒളിച്ചുവെയ്ക്കാൻ ശ്രമിച്ചിരുന്നത്? എത്ര ആലോചിച്ചിട്ടും ഒരു ഉത്തരം കിട്ടുന്നില്ല.

സ്കൂൾ തുറന്ന ദിവസം മുതൽ അവനെ ശ്രദ്ധിച്ചു തുടങ്ങിയതാണ്.ആദ്യ ദിവസം ക്ലാസിൽ ചെന്ന് ഹാജർ എടുത്ത് തുടങ്ങി ഒരോ കുട്ടിയുടെയും പേര് വിളിക്കുമ്പോൾ തന്നെഎവിടെ നിന്നാണ് വരുന്നത് ? മുമ്പ് പഠിച്ച

സ്കൂൾ ? വീട്ടിൽ ആരൊക്കെയുണ്ട് തുടങ്ങി ഒരു അന്വേഷണം നടത്തി.കുട്ടികൾ വളരെ ഉത്സാഹത്തോടെ കാര്യങ്ങൾ പറഞ്ഞു കൊണ്ടിരുന്നു.

ശ്രീജിത്ത് , ടീച്ചർ പേര് വിളിച്ചു.അവൻ എഴുന്നേറ്റുനിന്നു

പക്ഷെ, ഒരക്ഷരം പറയുന്നില്ല. മറ്റുള്ളകുട്ടികൾ അവനോട്

ചോദിക്കുന്നുണ്ട്. ഏതു സ്കൂളിലാ പഠിച്ചത് എന്നൊക്കെ. പക്ഷെ ഒന്നും പറയാതെ അവൻ തലയും താഴ്ത്തി ഒരേ നിൽപ്പാണ്. ഞാൻ അടുത്ത് ചെന്ന് അവനോട് ചോദിച്ചു ശ്രീജിത്ത് നീ ഏതു സ്കൂളിലാ പഠിച്ചിരുന്നത് ? അവൻ മുഖം ഉയർത്തി എന്നെ ഒന്നു നോക്കി പിന്നെ വീണ്ടും മുഖംകുനിച്ചു.

മറ്റുള്ള കുട്ടികളുടെ മുമ്പിൽ സംസാരിക്കാൻ ബുദ്ധിമുട്ടാവും ഞാൻ വിചാരിച്ചു.അവന്റെ തോളിൽ മെല്ലെ തട്ടിയിട്ട് ഞാൻ ചോദ്യം ആവർത്തിച്ചു.ഒറ്റശ്വാസത്തിൽ അവൻ സ്കൂളിന്റെ പേരും മറ്റെല്ലാ കാര്യങ്ങളും പറഞ്ഞ് വീണ്ടും മൗനം തുടർന്നു. അവനോട് ഇരിക്കാൻ പറഞ്ഞു ഞാൻ മറ്റുള്ള കാര്യങ്ങളിൽ മുഴുകി.

അന്ന് അതത്ര കാര്യമാക്കിയില്ല. പുതിയ സ്കൂളും പുതിയ അധ്യാപകരും ഒക്കെ ആവുമ്പോൾ ചിലകുട്ടിക്കൾക്ക് പൊരുത്തപ്പെടാൻ സമയമെടുക്കും ഒരാഴ്ച്ച കഴിഞ്ഞിട്ടും അവനിൽ പ്രകടമായ മാറ്റങ്ങൾ ഒന്നും കണ്ടില്ല. പതുക്കെ ശരിയാവും എന്നു ഞാൻ കരുതി എന്നും ക്ലാസിൽ ചെല്ലുമ്പോൾ അവനെ പ്രത്യേകംശ്രദ്ധിക്കാൻ തുടങ്ങി.

മറ്റുള്ളകുട്ടികളോടൊന്നും അവന് ചങ്ങാത്തമില്ല ക്ലാസിൽ പഠിപ്പിക്കുന്ന മറ്റ് അധ്യാപകരും ഇതേ അഭിപ്രായമാണ് പറഞ്ഞത്. പക്ഷെ പഠനത്തിൽ സമർത്ഥനാണ്.

ഒരു ദിവസം അപ്രതീക്ഷിതമായി അവൻ സ്റ്റാഫ്റൂമിലേക്ക് കയറിവന്നു.എന്നോട് പറഞ്ഞു ടീച്ചർ ഞാൻ നാളെ കുറച്ച് വൈകിയേ സ്കൂളിലേക്ക് വരൂ.കാരണം തിരക്കുമ്പോഴേക്കും അവൻ തിരിഞ്ഞു നടന്നിരുന്നു.പിന്നിട്ടുള്ള നാളെകൾ മുഴുവൻ അവൻ വൈകിതന്നെയാണ് സ്കൂളിൽ എത്തിയത്. വൈകാനുള്ള കാരണം കണ്ടെത്താനുള്ള യാത്രയാണ് ഇത് .

വലിയൊരു കുഴിയിൽ വീണ് ഓട്ടോ ശക്തിയായി കുലുങ്ങി.പെട്ടെന്ന് ശ്രീകല ടീച്ചർ ചിന്തയിൽ നിന്ന് ഉണർന്ന് ഡ്രൈവറോട് ചോദിച്ചു എത്താറായില്ല. കുറച്ചുദൂരം കൂടി പോയാൽമതി ഡ്രൈവർ പറഞ്ഞു . ഇതിനിടയിൽ കൗമുദി ടീച്ചർ കമന്റ് പറഞ്ഞു. നല്ല ശുദ്ധവായു ശ്വസിക്കാൻനമ്മുക്ക് ഇടയ്ക്കിടെ ഇവന്റെ വീട്ടിലേക്ക് വരാം.എന്തൊരു പ്രകൃതിഭംഗി അപ്പോൾ ഞാൻ ഓർത്തത് ഇത്രയും ദൂരം യാത്രചെയ്ത് അവൻ എങ്ങനെയാണ് സ്കൂളിൽ എത്തിയിരുന്നത് എന്നായിരുന്നു.

ഒന്നു രണ്ടു വീടുകളും പീടികളും ചായക്കടയും കാണുന്നുണ്ട് തീരെ വിജനമല്ല.മലയുടെ ചുവട്ടിൽ എത്താറായപ്പോൾ ഒട്ടോ നിർത്തി

ഡ്രൈവർ ഒരു ചെറിയ ഇടവഴി ചൂണ്ടിക്കാണിച്ചു. ഇതിലേ പോയാൽമതി,നേരെ കോളനിയിൽ എത്തും.

ഞാനും കൗമുദി ടീച്ചറും ഒട്ടോയിൽ നിന്ന് ഇറങ്ങി നടന്നു .കുറച്ചുനടന്നപ്പോൾ ചെറിയ കുടിലുകൾ കണ്ടുതുടങ്ങി.അങ്ങിങ്ങായി കുട്ടികൾ കളിച്ചു കൊണ്ടിരിക്കുന്നു.

ഒന്ന് രണ്ട് പെൺകുട്ടികൾ എന്നു പറയാൻ പറ്റില്ല.ഒക്കത്ത് കുട്ടികളുമായി അവിടെ നിൽക്കുന്നു. പുതിയ രണ്ടുപേരെകണ്ടതിൽ ഉള്ള പരിഭ്രമം അവരുടെ മുഖത്ത് കാണാം.ഞങ്ങൾഅങ്ങോട്ടു ചെന്നു.

യാതൊരു മുഖവരയും കൂടാതെ ഞാൻ ചോദിച്ചു.എട്ടാം ക്ലാസിൽപഠിക്കുന്ന ശ്രീജിത്തിന്റെ വീട് ഏതാണ് രണ്ടു പേരും കൈചൂണ്ടിയ ഭാഗത്തേക്ക് ഞങ്ങൾനോക്കി.ഒരു ചെറിയ ഓലപ്പുര.ഞങ്ങൾ അങ്ങോട്ട് നടന്നു.വാതിൽ എന്ന് പറയാൻ ഒന്നുമില്ല. പഴകിയ ഒരു സാരി നിവർത്തിഇട്ടിരിക്കുന്നു. അത് വകഞ്ഞു മാറ്റി ഞങ്ങൾ വിളിച്ചു ശ്രീജിത്ത്,ശ്രീജിത്ത്. അകത്തുനിന്ന്മറുപടി ഒന്നും ഉണ്ടായില്ല.അവൻ അവിടെ ഉണ്ടാവില്ല. പിന്നിൽ നിന്ന് ഒരു പെൺക്കുട്ടി പറഞ്ഞു.നിങ്ങൾ സാറൻമാരാണോ? മറ്റേപെണ്ണിന്റെ ചോദ്യം അതെ

കൗമുദി ടീച്ചറാണ് പറഞ്ഞത്.

ചെക്കൻ അവിടെ കാണില്ല.എപ്പോഴും വണ്ടിക്കാരുടെ പുറകേയാണ്പെൺകുട്ടി പറഞ്ഞു.ഏതു വണ്ടിക്കാരുടെ ?ഞാൻ ചോദിച്ചു ചെക്കന്റെ അച്ഛന് തിരെ വയ്യതായപ്പോൾ പഞ്ചായത്ത് വണ്ടി വന്നാണ്

കുളിപ്പിച്ചിരുന്നത്.എന്നിട്ടും ആയാൾ ചത്തു . പിന്നെ അവൻ ഇവരുടെ കൂടെയാണ്.ഓ.....എനിക്ക് പിടികിട്ടി പാലിയേറ്റിവ് കെയർ ആയിരിക്കും. ഞാൻ മനസ്സിൽ പറഞ്ഞു.എന്നാലും ഇവൻ എന്തിനാ അവരുടെ കൂടെ പോകുന്നത് ? ഞാൻ ചിന്തിച്ചു.അവന്റെ വീട്ടിൽ മറ്റാരും ഇല്ലേ? അമ്മയും മറ്റും ഞാൻ ചോദിച്ചു. അമ്മ പണിക്കുപ്പോയിരിക്കും വൈകിട്ടേ വരൂ. അവൾ പറഞ്ഞു. വന്നത് വെറുതെആയല്ലോ..ആരെയും കാണാൻ പറ്റിയില്ല. അവൻ എവിടെപോയി കാണും ? ചോദ്യങ്ങൾ ഒന്നിനു മീതെ ഒന്നായി മനസ്സിലേക്ക് വന്നുകൊണ്ടിരുന്നു. എന്തായാലും പാലിയേറ്റിവ് കെയറുമായി ബന്ധപ്പെട്ടുനോക്കാം.അവർക്കെന്തെങ്കിലും അറിയുമായിരിക്കും.

ഓട്ടോയിൽ കയറി ഞങ്ങൾ സ്കൂളിലേക്ക് തിരിച്ചു കുറച്ചു ദൂരം വന്നു കാണും എതിരെ ഒരു വെളുത്ത വാൻ വരുന്നു.ഒട്ടോ ഒരു വശത്തേക്ക് നീക്കി വഴി കൊടുക്കാൻ തയ്യാറായി അത് പാലിയേറ്റീവ് കെയർ വാൻ ആയിരുന്നു.ഡ്രൈവറോട് വണ്ടി നിർത്താൻ പറഞ്ഞ് ഞാൻ ഇറങ്ങി വാനിന്റെ അടുത്തേക്ക് ചെന്നു. അതിൽ ശ്രീജിത്ത് ഇരിക്കുന്നു. എന്നെ കണ്ടതിലുള്ള പരിഭ്രമം അവന്റെ മുഖത്ത് കണ്ടു.വാനിലുള്ളവരോട് ഞാൻ അവന്റെ ടീച്ചറാണെന്ന് സ്വയം

പരിചയപ്പെടുത്തി. കാര്യങ്ങൾ അന്വേഷിച്ചു.

അച്ഛന്റെ മരണംശ്രീജിത്തിനെ വല്ലാതെ വിഷമിപ്പിച്ചു എന്നും അവന്റെ മാനസിക നില തന്നെ തകർന്നഅവസ്ഥയിൽ

ആയിരുന്നുവെന്നും അവർപറഞ്ഞു.അതിൽ നിന്ന് അവനൊരു മാറ്റം ഉണ്ടാക്കാൻ ശ്രമിക്കുകയാണ്.അവനെയുംകൂട്ടി രോഗവസ്ഥയിൽ ഉള്ളവരെ കാണാനും അവരോടൊത്ത് കുറച്ചുനേരം ചിലവഴിക്കാനും തുടങ്ങി.ഇപ്പോൾ അത് അവന്റെ ഒരു സ്വഭാവമായി മാറിക്കഴിഞ്ഞു.

കാലത്ത് ഏഴ് മണിക്ക് വീട്ടിൽ നിന്നും ഇറങ്ങും ഒന്ന് രണ്ടു രോഗികളെ സന്ദർശിച്ച് അവരോട് സ്നേഹാന്വേഷണം നടത്തിയാണ് അവൻ സ്കൂളിൽ എത്തിയിരുന്നത്.അവർക്കാണെങ്കിൽ ഇവന്റെ സാമീപ്യം വലിയൊരു ആശ്വാസമായിരുന്നു.

അച്ഛന്റെ മരണം ഏൽപ്പിച്ച ആഘാതത്തിൽ നിന്നും പതുക്കെ മോചിതനായി വരുകയായിരുന്നു അവൻ.ഇന്ന് അവൻ ഇടയ്ക്കിടെ സന്ദർശിക്കാറുള്ള ഒരു മുത്തശ്ശൻ മരണമടഞ്ഞു.അതാണ് സ്കൂളിൽ വരാതിരുന്നത് അവർ പറഞ്ഞു.

എനിക്ക് അവനോട് എന്തെന്നില്ലാതെ സ്നേഹം തോന്നി. അവനെ എന്നോട് ചേർത്തുനിർത്തി. അപ്പോൾ അവന്റെ മുഖത്ത് നിർവികാരമായ ഒരു പുഞ്ചിരി ഞാൻ കണ്ടു. എനിക്ക് ചെയ്യാൻ കഴിയാത്തത് അല്ലെങ്കിൽ ചെയ്യാൻ തോന്നാത്തത് ഇത്ര ചെറിയ പ്രായത്തിൽ തന്നെ അവൻ ചെയ്യുവല്ലോ എന്ന് ഞാൻ ചിന്തിച്ചു. അവനോടു യാത്ര പറഞ്ഞു ഓട്ടോയിൽ കയറുമ്പോൾ മനസ്സിൽ അവനോട് അളവറ്റ ബഹുമാനം തോന്നി.

**********************

# കഴിവും ഭാഗ്യവും

**കഥ** **സൂരജ്**
**VIII-D**

ഒരിക്കൽ രണ്ട് മുക്കുവർ കടലിൽ മീൻ പിടിക്കാൻ പോയി . ഇരുവരും വളരെ സമർത്ഥരായ മുക്കുവന്മാരായിരുന്നു. പലതവണ ശ്രമിച്ചിട്ടും അവർക്കൊരു ചെറിയ മത്സ്യത്തെപ്പോലും പിടിക്കാൻ കഴിഞ്ഞില്ല. ഒടുവിൽ നിരാശരായി സ്വയം പഴിച്ചുകൊണ്ട് അവർ വഞ്ചിയിൽ കുത്തിയിരുന്നു. അപ്പോൾ ഒരു മത്സ്യം അവരുടെ വള്ളത്തിലേക്ക് ചാടി വീണു. മുക്കുവർ അത്ഭുതപ്പെട്ടുപ്പോയി. വലിയൊരു മത്സ്യത്തിന്റെ പിടിയിൽ നിന്നും രക്ഷപ്പെടാൻആ ചെറിയ മത്സ്യം ഉയർന്ന് ചാടിയത് മുക്കുവരുടെ വള്ളത്തിലായിപോയി.ആ ചെറിയ മത്സ്യത്തെ കൈയ്യിലെടുത്തുകൊണ്ട് മുക്കുവൻ വിചാരിച്ചു. കഴിവിനും സാമർത്ഥ്യത്തിനും നേടിത്താരാൻ കഴിയാത്തത് പലതും ഭാഗ്യം നേടിത്തരും....

****************************

## കാണാതായ പണക്കിഴി

കഥ

അജിത്ത്.എൻ

X-A

ഒരിക്കൽ ഒരു ബ്രാഹ്മണൻ കുറേ പണവുമായി കൊട്ടാരത്തിൽ നിന്നു മടങ്ങുകയായിരുന്നു മകളുടെ വിവാഹത്തിനായി മഹാരാജാവിൽ നിന്നു സഹായമായി കിട്ടിയതാണ് പണം. വഴിക്കുവച്ച് ബ്രാഹ്മണൻ ഒരു കുളത്തിൽ കുളിക്കാനിറങ്ങി. പണക്കിഴി കൽപ്പടവിൽ വച്ചിരുന്നു. എന്നാൽ കുളി കഴിഞ്ഞു കയറിയപ്പോഴോ? പണക്കിഴി കാണാനില്ല! ബ്രാഹ്മണൻ എന്തുചെയ്യണമെന്ന് അറിയാതെ നിന്നു. കുറേക്കഴിഞ്ഞ് കുളക്കടവിലെത്തിയ ഒരു സ്ത്രീ പണക്കിഴി കണ്ടുപിടിച്ചു! പണം കടവിൽതന്നെയുണ്ടായിരുന്നു. അതിനു മുകളിൽ ഒരു പശു ചാണകംഇട്ടതുകൊണ്ട് കണ്ടില്ലെന്നു മാത്രം! സ്ത്രീ ബ്രാഹ്മണന് പണക്കിഴി തിരികെ കൊടുത്തു. സന്തോഷത്തോടെ ബ്രാഹ്മണൻ അവരെ അനുഗ്രഹിച്ചു. നിനക്ക് അതിബുദ്ധിമാനും പ്രശസ്തനുമായ ഒരു മകനുണ്ടാകട്ടെ ആ സ്ത്രീക്ക് ഉണ്ടായ പുത്രനാണത്രേ കുഞ്ചൻ നമ്പ്യാർ.

*******************************

# ഞങ്ങളുടെ ഗോവിന്ദമലകയറ്റം



യാത്രാവിവരണം

ആർ.രഞ്ജിമോൻ

അധ്യാപകൻ

ഒരവധി ദിവസം കൊല്ലങ്കോട് രാജാസ്സ് ഹയർസെക്കണ്ടറി സ്കൂളിലെ അധ്യാപകരായ ഞങ്ങൾ 6 പേർ  കൊല്ലങ്കോടിന്റെ ചരിത്രപ്രധാനമായ ഗോവിന്ദമല കയറുവാൻ തീരുമാനിച്ചു. ബൈക്കിലായിരുന്നു ഞങ്ങളുടെ യാത്ര ആരംഭിച്ചത്, യാത്രയ്ക്കാവാശ്യമായ ആഹാരവും വെള്ളവും കരുതിയിരുന്നു. അനന്തൻ സാറിന്റെ ബന്ധുവിന്റെ വീട്ടിൽ ബൈക്ക് നിർത്തിയിട്ട് തൊട്ടടുത്തുള്ള അതിപുരാതനമായ ഒരു ക്ഷേത്രത്തിലാണ് ആദ്യം പോയത്.അവിടെ നിന്നും ഞങ്ങൾക്ക് ഒരു ഗൈഡിനെ കിട്ടി.തുടർന്നുള്ള നടത്തതിൽ ഞങ്ങളുടെ മുന്നിലും പിന്നിലുമായി ഗൈഡുക്കൾ.. ഈ യാത്രയിൽ ഗൈഡിന്റെ സഹായവും സ്നേഹപൂർവമുള്ള പെരുമാറ്റവും എടുത്തു പറയണ്ടതു തന്നെയാണ്..

ഞങ്ങളുടെ  യാത്രയിൽ വഴി മദ്ധ്യേയുള്ള ഔഷധ സസ്യങ്ങളെക്കുറിച്ചും  അപൂർവയിനം  പൂക്കളെക്കുറിച്ചും സ്വാമിനാഥാൻ സാറും ,ഈ സ്ഥലത്തിന്റ അതിപുരാതന ചരിത്രത്തെക്കുറിച്ചും ഭ്രഘടനയെക്കുറിച്ചും  കലാധരൻസാറും വീശദീകരിച്ചു തന്നു. ഹരിതനിബിഡമായ  വനഭ്രമിയിലൂടെയുള്ള യാത്ര എനിക്ക് വളരെയധികം വിജ്ഞാന പ്രദവും കൗതുകകരവുമായിരുന്നു.ഒരു


മണിക്കൂർ യാത്രയ്ക്ക് ശേഷം ഞങ്ങൾ ഒരു അരുവിയുടെ തീരത്തു വിശ്രമിച്ചു വീണ്ടും ചെയ്തു ഒന്നര മണിക്കൂർ യാത്ര വളരെ ദുർഘടം പിടിച്ചതായിരുന്നു. കുത്തനെയുള്ള ഒരു പാറയിലൂടെ ഞങ്ങൾ പിടിച്ചു പിടിച്ചു കയറി .അവസാനം കയറിയ അനന്തൻ സാർക്കൊപ്പം ഗൈഡും പതുക്കെ കയറുകയായിരുന്നു.അപ്പോഴാണ് മുകളിൽ നിന്ന് ഞങ്ങളെ ഞെട്ടിക്കുന്ന ആ സംഭവം ഉണ്ടായത് . പാറയിൽ ഗൈഡിന്റ കൈ വഴുക്കി ഇരുപതടി താഴ്ചയിലേക്ക് ഉരുണ്ടുരുളുരുണ്ട് ഒരു കുഴിയിലേക്കു വീണു , ബോധരഹിതനായ ഗൈഡ് സ്വബോധം തിരിച്ചു കിട്ടിയപ്പോൾ പതുകെ കുഴിയിൽ നിന്നു കയറി ഞങ്ങളോട് യാത്രതുടരുവാൻ തലകൊണ്ട് ആജ്ഞാപിച്ചു. ഞങ്ങൾ യാത്രതുടർന്ന് ലക്ഷ്യസ്ഥാനത്തെത്തുകയും ചെയ്തു. തിരിച്ചു മലയിറങ്ങിയ ഞങ്ങൾ അതിപുരാതന ക്ഷേത്രത്തിലെത്തി ഗൈഡിനെ അന്വേഷിച്ചു. ഞങ്ങളുടെ മണംകിട്ടിയ ഗൈഡ് ഓടിയത്തി. ഞങ്ങളെ കണ്ടതും കുരച്ചും വാലാടിയും സ്നേഹം പ്രകടിപ്പിച്ചു. ഞങ്ങളുടെ കയ്യിലുണ്ടായിരുന്ന ബാക്കി ആഹാരം ഞങ്ങൾ ഗൈഡിന് കൊടുത്തു.

വീണ്ടും സ്നേഹപൂർവ്വം വാലാട്ടി അവൻ ഞങ്ങളെ യാത്രയാക്കി......

*********************************

# പദപ്രശ്നം

മുഹമ്മദ് ഫൈസൽ




## താഴോട്ട്

1.എനിക്ക്തുമ്പികൈയുണ്ട്

2.ചുഴറ്റിഎറിയുന്ന കാറ്റ്

4.പറക്കുന്ന വാഹനം

5.മരണത്തിന്റെ ദേവൻ

7.പഞ്ച പാണ്ഡവരിൽ ഒരാൾ

8.എന്നെ കടലിൽ കാണാം

## വലത്തോട്ട്

1.കിഴക്കിന്റെ വെനീസ് എന്നറിയപ്പെട്ടു ജില്ല

3.ഇന്നത്തെ റഷ്യ ഉൾപടെയുള്ള രാജ്യങ്ങൾ ഈ വലിയ രാജ്യത്തിന്റെ ഭാഗമാണ്

6.മണവാളൻ എന്നവാക്കിനർത്ഥം

8.കുഞ്ചൻ നമ്പ്യാർ  ജനിച്ചത് ഈ സ്ഥലത്താണ്

****************************

# കുട്ടിപ്പട്ടി

**കവിത** **ആകാശ്**
**V-A**

കാട്ടിൽ പ്പെട്ടൊരു  കുട്ടിപ്പട്ടി
ഈട്ടി മരത്തിൽ ചോട്ടിൽ ചെന്നു,
പാട്ടും പാടി കൂട്ടിലിരിക്കുന്ന
കുട്ടിക്കിളിയെ കാണാൻ ചെന്നു.

ഈട്ടി മരത്തിൽ ചോട്ടിൽ കുട്ടി
പ്പട്ടിയൊരെല്ലു കിടക്കണകണ്ടു,
എട്ടും പൊട്ടും തിരീയ പ്പട്ടി
പെട്ടെന്നെല്ലിനു തട്ടു കൊടുത്തു.
കുട്ടികക്കാലു ചതഞ്ഞു,പാവം
ഈട്ടി ചോട്ടിൽ വീണു കരഞ്ഞു.

പെട്ടെന്നയ്യോ  കുട്ടിപ്പട്ടിയ്ക്കരികെ
കുട്ടി കൊമ്പൻ നിൽക്കണ കണ്ടു
മുട്ട് പൊട്ടിയ കാലും നീട്ടി
ചാടിച്ചാടി പട്ടികടന്നു...............

***************************

# പ്രളയം

**കവിത**

**സൂരജ്**

**IX-B**

ഒരു മഴയായ് പെയ്തിറങ്ങണം  പ്രളയമായ്,

നാശം വിതക്കാതെ വിണ്ടുകീറിയ ഭൂമിലേക്ക്.

ഒറിറ്റു തെളിനീരിനായ് ...

ഭൂമിയെ തിരിച്ച് പൈപ്പിലേക്ക് തിരിച്ചുവരാൻ,

പൊങ്ങുന്ന  വെള്ളമതു  നിമിഷങ്ങൾ കൊണ്ടിതു,

ദുരിതം വിതച്ച്  സങ്കടത്തിലാഴ് ത്തി

ധരാളം ജീവൻ കൈയ്യിലേന്തി ...

മടങ്ങുവാൻ  ഓരോരുത്തർ പ്രാർത്ഥക്കുന്നു

ആരുടെയും പ്രാർതന

കേൾക്കാതെ വീണ്ടുമതു

ശക്തമായ് പ്രതികരിക്കുന്നു

ജാതി മതം  വേർതിരിവില്ലതിനു മുമ്പിൽ

ഏവരും കൈ കൊർത്ത്

ആ തീജ്വാലക്കുമുമ്പിൽ

വീഴുന്ന വീടുകൾ

കടപുഴങ്ങി വീഴുന്ന മരങ്ങൾ

കാറ്റും  ഉരുൾപ്പൊട്ടലും അതിൽ എത്ര ജീവൻ

ആ  ശക്തമായ മഴതുള്ളി

മലയിൽ തട്ടി പുഴയിലേക്ക് കടലിലേക്ക്

പുഴകൾ ശക്തമായ  അടിയൊഴുക്കിൽ

ദിശതെറ്റി  ഒഴുകുന്നു

ദിശതെറ്റി പൊവുന്ന പുഴകൾദുരിതം

വിതക്കുന്നു  പ്രളയമെ...

പ്രളയമെ നീ നിന്റെ ദേഷ്യം   തീജ്വാലയായി  പടരാതെ

നീ തന്നെ നിയന്ത്രിക്കണം...

നിന്റെ തീജ്വാലയാകുന്ന  ദേഷ്യം വിതച്ചത്

മനുഷ്യർതന്നെയാണ്  നീ ക്ഷമിക്കണം

പ്രളയമെ നീ..മടങ്ങി പോവുക...

****************************

# മണ്ണിനും മനുഷ്യനും വേണ്ടി

**ലേഖനം** **വിജീഷ്.വി X-A**

മനുഷ്യന്റെഏറ്റവും പ്രാഥമികമായ ആവശ്യങ്ങൾ മൂന്നാണ്.പ്രാണവായു, വെള്ളം,ഭക്ഷണം. ഇവയെല്ലാം നമ്മുടെ ചുറ്റുപാടിലെ മണ്ണിനെ ആശ്രയിച്ചിരിക്കുന്നു. മണ്ണിനും,ജലത്തിനും,ശുദ്ധവായുവിനുംപ്രാധാന്യം നൽകാത്ത വികസനമാണ് ഇന്ന് നടക്കുന്നത്. മണ്ണിനെ നാം ശ്വാസം മുട്ടിച്ചു കൊല്ലുന്നു. കോൺക്രീറ്റ് മിനുക്കുന്നതാണ് നാടിന്റെപരിഷ്കാരമെന്ന് വിചാരിച്ചു പണത്തിനു പിറകെ പായുന്നു മണ്ണ് ജീവനാണ് കോടാനുകോടി ജീവികളുടെ ആവാസസ്ഥാനമാണ്.അത് തിരിച്ചറിയാത്തതുകൊണ്ടാണ്പലപ്പോഴും നമ്മുടെ കൃഷി പരാജയമാകുന്നത്. മണ്ണിന്റെ ആരോഗ്യമാണ് മനുഷ്യനും ആരോഗ്യം പ്രദാനം നൽകുന്നത്. മണ്ണിനെക്കുറിച്ച് പഠിക്കാതെ നമുക്കിനി ഒരിഞ്ച്മുന്നോട്ടു പോകാൻ കഴിയില്ല. മണ്ണിനോട് ചേർന്നു നിൽക്കുന്നതിന്റെ ആഹ്ലാദം നമ്മുടെ കുഞ്ഞുങ്ങളെ ബോധ്യപ്പെടുത്തണം. ഓരോ വീട്ടുമുറ്റത്തും വേണം കൃഷി...

****************************

# കൂട്ടുകാരൻ

**കവിത** **അക്ഷയ്.ജി 9.B**

കൂട്ടുകൂടാനായെന്റെ  കൂടുതേടിയാണണ്ഞൊരു കുഞ്ഞാറ്റക്കിളി....

കാറ്റിനോടു കഥ മെനഞ്ഞും കടലിനോടു കളി പറഞ്ഞും

കാടായ കാടെല്ലാം മേടായ മേടെല്ലാം കണ്ണാരം പൊത്തി കളിച്ചും

കണ്ണിൽ കണ്ണിൽ കണ്ണാടി നോക്കി കൊക്കുരുമ്മി ചിറകുരുമ്മി

കിലുകിലെ കൊഞ്ചി ചിലച്ചും കിളിക്കുലെന്നെ കുളിരറിയിക്കാതെ

കവിൾ ചേർത്തുറക്കിയും കനിവിന്റെ കനിവാമെന്റെ

കരളിന്റെ കരളായ കളിക്കൂട്ടുകാരൻ

***************************

# സമരം

**കഥ** **ആദർശ്.എസ്**

**IX-B**

അന്ന് ഒരു ബുധനാഴ്ച്ചയായിരുന്നു. രാവിലെ എന്തോ സ്വപ്നം കണ്ട് ദീപു ഞെട്ടിയുണർന്നു. ചുവരിൽ തൂക്കിയിട്ടിരിക്കുന്ന വാച്ചിലേക്ക് നോക്കി. സമയം ഏഴ് കഴിഞ്ഞിരിക്കുന്നു.അപ്പോൾ പെട്ടെന്നാണ് അവൻ

ഓർത്തത് ഇന്ന് കോളേജ് ഉള്ള ദിവസമാണല്ലോ. കിടക്കയിൽ നിന്നും ചാടി എഴുന്നേറ്റ് വേഗം കോളേജിലേക്ക് പോകാൻ പുറപ്പെട്ടു. അപ്പോൾ അമ്മ പ്രഭാത ഭക്ഷണം കഴിക്കാൻ അവനെ വിളിച്ചു.സമയമായതിനാൽ പെട്ടെന്ന് അവൻ ഭക്ഷണം കഴിക്കാതെ കോളേജിലേക്ക് ഓടി . കോളേജ് എത്തിയപ്പോൾ കോളേജിന്റെ മുന്നിലുള്ള റോഡിൽ വല്ലാത്ത ബഹളം പരിഭ്രമത്തോടെ അവൻ ആ ആൾക്കൂട്ടത്തിനിടയിൽ ചെന്നു.

പെട്ടെന്ന്ഒരു ബസ് വന്നു എല്ലാവരും അതിനിടയിൽ നിന്ന് അവനെയും

തിരക്കിക്കൊണ്ട് പോയി. ആരോ കല്ലെറിയടാ.....കല്ലെറിയടാഎന്ന് വിളിച്ചു പറഞ്ഞു കൊണ്ടിരുന്ന അവൻ എന്തോ പരിഭ്രാന്തിയിൽ അവരോടൊപ്പം കല്ല് പെറുക്കി തുരുതുരെ ബസ്സിനു നേരെ എറിഞ്ഞു.

പിന്നിട്ട് ആ ബഹളത്തിനൊടുവിൽ ആരോക്കെയോ പറയുന്നുണ്ടായിരുന്നു കോളേജ് വിദ്യാർഥിക്കളുടെ സമരത്തിൽ

കല്ലേറുകൊണ്ട് ബസ്സിലുണ്ടായിരുന്ന ഒരു മധ്യവയസ്കൻ റോഡിൽ രക്തംവാർന്ന് മരിച്ചുവെന്ന്... സമരം ആയതിനാൽ അന്ന് കോളേജ് അവധിയായിരുന്നു.അവൻ തിരിച്ചു വീട്ടിലേക്കു പോയി. വീട്ടിൽ എത്തിയപ്പോൾ വീട്ടുമുറ്റത്ത് നിറയെ ആളുകൾ നിൽക്കുന്നു.പരിഭ്രാന്തിയോടെ അവൻ വീട്ടിലേക്ക് കയറി ചെന്നു. വീട്ടിന്റെ അകതളത്തിൽ വെള്ള പുതപ്പിച്ച് അച്ഛൻ കിടക്കുന്നു.

അരികിൽ നിലവിളിച്ചു കൊണ്ട് അമ്മ . അവനെ കണ്ട അമ്മ അച്ഛൻ പോയി മോനെ എന്നു പറഞ്ഞ് നിലവിളിച്ചു കൊണ്ട് കരഞ്ഞു............

അവൻ ചേതനയറ്റ തന്റെ അച്ഛന്റെ ശരീരം കണ്ട് തരിച്ചു നിന്നുപോയി

തടിച്ചു കൂടി നിൽക്കുന്ന ആളുകൾക്കിടയിൽ ഒരാൾ പറഞ്ഞു കോളേജ് വിദ്യാർഥികളുടെ സമരത്തിൽ കല്ലേറ് കൊണ്ട് മാധവേട്ടൻ റോഡരികിൽ കിടന്നപ്പോൾ ആരും ആശുപത്രിയിൽ എത്തിക്കാതെ രക്തം വാർന്നാണ് മാധവേട്ടൻ മരിച്ചത് . പാവം നല്ല മനുഷ്യനായിരുന്നു...........

***************************

# കലാപ്രതിഭകൾ

**സംസ്ഥാനതലത്തിൽ**

**പെൻസിൽ ഡ്രോയിങ്,എണ്ണച്ചായം,ജലച്ചായം എന്നിവയിൽ എ ഗ്രേഡ് നേടി സ്കൂളിന്റെ അഭിമാന താരമായി മാറിയ അഭിനവിന്റെ ചിത്രങ്ങൾ**









## കലാപ്രതിഭകൾ



ആകാശ്. ജെ 5-A












# रक्ष रक्ष महाप्रभो

समस्यापूरणम्

अभिजित् .एस्
10.बी

सर्वात्  जननि त्वं
सर्वात् रक्षकः त्वं
सर्वात् आश्रयं त्वं
रक्ष रख महाप्रभो

प्रकृतियपाय समये
भक्ता: आपत् समये
जलक्षामात्  समये
रक्ष रक्ष महाप्रभो

******************

# ആമയുടെ പുറത്തെ അടയാളങ്ങൾ

മാന്ത്രികചതുരങ്ങൾ ആദ്യമായി ഉണ്ടായത് ചൈനയിലാണത്രെ. മാന്ത്രികചതുരവുമായി ബന്ധപ്പെട്ട് ഒരു കഥയുണ്ട്. പുരാതനകാലത്ത് ചൈനയിൽ വലിയൊരു വെള്ളപ്പൊക്കമുണ്ടായി. ലോനദി കര കവിഞ്ഞൊഴുകി. ഭയവിഹ്വലരായ ജനങ്ങൾ നദി ദേവതയ്ക്ക് ബലികൊടുക്കാൻ തീരുമാനിച്ചു. അവർ ബലി കൊടുക്കു- മ്പോഴൊക്കെ നദിയിൽ നിന്നും വരുന്ന ഒരു ആമ അതിനെ വലം വച്ച് തിരിച്ച്പോയ്ക്കൊണ്ടേയിരുന്നു. അവസാനം ആമയുടെ പുറത്ത അടയാളങ്ങൾ അവരുടെ ശ്രദ്ധയിൽപ്പെട്ടു. ഒരേ വരിയിൽ വരുന്ന പുള്ളികളുടെ തുക 15 ആയിരുന്നു ഒരേ നിരയിൽ വരുന്ന പുള്ളികളുടെ തുക കോണോട് കോൺ വരുന്ന നേർവരയിലെ കള്ളികളിൽ വരുന്ന പുള്ളിയുടെതുകയും 15 ആയിരുന്നു .നദീദേവതയ്ക്ക് കൊടുക്കേണ്ട ബലികളുടെ എണ്ണം അവർക്ക് വ്യക്തമായി. കൃത്യമായ ബലികളുടെ ബലത്തിൽവെള്ളപ്പൊക്കം ശമിച്ചുവത്രേ....

***************************

## മഞ്ഞുതുള്ളി

കവിത

റിഫാഷ്.M.A
VIII-B

പുലരിയിൽ  ഞാൻ കണ്ട മഞ്ഞുതുള്ളി
അഴകിനെ വർണ്ണിക്കും മഞ്ഞുതുള്ളി,
പുല്ലിൻമേൽ  നിൽക്കും ഇമ്പമീ മഞ്ഞ്
മുത്തെന്ന്  തോന്നിക്കും മഞ്ഞുതുള്ളി ,
കണ്ണിൽ  കുളിർമ  പ്രധാനം ചെയ്യുന്ന മഞ്ഞിനെ
കരളിമ്പമെന്ന് നാം ഉരുവിടുന്നു,
സൂര്യപ്രകാശത്തിൽ  പെട്ടെന്ന് മായുന്ന മുത്തിനെ
കാണാനായി നാം  കൊതിക്കും.
ആദരിക്കാൻ വൈകാൻ  കാരണമുണ്ടെന്ന്
കോപിക്കാതിങ്ങു വന്നിട്ടു നീ,
വൈകാതെ നിന്നെ ഞാൻ കണ്ടിടും ഇനി മുതൽ
ചെറു മുത്തെന്ന്  തോന്നിക്കും മഞ്ഞുതുള്ളി,
കഴിയുന്ന രാവിൽ നിന്നൊന്ന്  കാണുമ്പോൾ

അന്നാളെനിക്കങ്ങു നല്ലതാണ്.

ദു:ഖിക്കും  ഓർമകൾ   മരവിക്കും നെഞ്ചിലെ

മായാത്ത   കാഴ്ചയായി നിന്നിടുമ്പോൾ,

മായുന്ന മഞ്ഞിനെ പോലങ്ങു  ദുഖഃവും

പെട്ടെന്ന്  പോയിടാൻ  ഞാൻ കൊതിക്കും..

**********************

## ശലഭം

കവിത

ലാൽ കൃഷ്ണ ആർ

V-A

വീട്ടിൻ മുറ്റത്തെ ആരാമത്തി-

ലെവിടെ നോക്കിയാലും വർണ്ണ-

ശോഭയേറും ചിത്രശലഭങ്ങൾ

പുത്തനുടുപ്പിട്ടഴകേറിയെല്ലാം

പാറിപാറി നടക്കുന്നു. കാഴ്ചകൾ

ക്കണ്ടു രസിക്കുന്നു. എന്നുടെ

വീട്ടിലും വരമ്പിലുമെല്ലാം

നീയിങ്ങനെ വിലസുമ്പോൾ

ചിറകുമെനിക്കു മുണ്ടെങ്കിലെന്നു

ഞാൻ വെറുതെ മോഹിച്ചിടുന്നപ്പോൾ

പുള്ളിയുടുപ്പുതരുമോ നീ വയലിലുമെന്നെ

കൂട്ടുമോ നീ നിന്നുടെ ലോകം സുന്ദരമെന്നും

അതദർശിച്ചെന്നുടെ ജീവിതം  ധന്യം ധന്യം ............

# എന്റെ അധ്യാപകർ

**കവിത**

**നന്ദകിഷോർ 10.A**

അറിവുനൽകും

പഠിപ്പിക്കും.

തമാശപറയും

ചിരിപ്പിക്കും.

ചൂരൽക്കഷായം

തന്നിടും.

നല്ലതുമാത്രം

അരുളിച്ചെയ്യും.

ഹോം വർക്ക നൽകും

ചൂഷിക്കും.

കണ്ണ കളുരുട്ടി

ഭയപ്പെടുത്തും.

തിന്മയെ മാറ്റി

നന്മയേകും

*************

# താരികന്തോരോം

**കവിത** **സൻഫർ**

**10.A**

സൂര്യനുദിച്ചു കണ്ടേ താരികന്തോരോം

നേരം പുലർന്നുപോയതാരിതിനന്തരം

ഒരുപിടിഞ്ഞാറെട്ടുത്തേൻ താരീകന്താരോം

ആദിത്യൻ കതിരുനോക്യേ താരിതിനന്തോം

ആദിത്യൻ കതിരുകണ്ടോ താരികന്തോരോം

ദൈവത്തെക്കൈയെടുത്തേൻ തല്ലിക്കരകേറ്റുമേ

താരീതിലന്തോംനട്ടിട്ടും തീരുന്നില്ലേ താരികന്തോരോം

# ഭൂമി

**കവിത** **ഷിനോജ്.ആർ**

**10.A**

അമ്മയാകുന്ന ഭൃമിയുടെ കണ്ണുനീർ വറ്റി.

അമ്മയാകുന്ന ഭൃമിയുടെമക്കൾ ആയ മരങ്ങളെല്ലാം

വാടി തളർന്നു.

ജീവജാലങ്ങളുടെ സത്രുമാകുന്ന കൊടും കാട്

വാടിതളർന്നു.

ഉഴുതുകിടക്കുന്ന വയലേലകളെപ്പോലെയായി

വൃക്ഷങ്ങളെയും ജീവജാലങ്ങളെയും

വളർത്തിഎടുകാൻ ശ്രുമിക്കുന്ന പുഴകൾ വറ്റി വരണ്ടു

# കുഞ്ഞിക്കിളിയും മിന്നൻ പൂച്ചയും

കഥ

മുഹമ്മദ് യാസിർ

8.E

അമ്മക്കിളിയും കിളിക്കുഞ്ഞുങ്ങളും ഒരു മരക്കൊമ്പിൽ

കൂട് കെട്ടി താമസിച്ചിരുന്നു. അതിൽ ഒരി കുഞ്ഞിക്കിളി മടിയനും വികൃതിയും ആയിരുന്നു. മറ്റു കിളിക്കുഞ്ഞുകളെ ഉപദ്രവിക്കുക പതിവായിരുന്നു. പാവം അമ്മക്കിളി അവൾക്ക് വലിയ സങ്കടമായിരുന്നു. ഒരു ദിവസം അമ്മക്കിളി ആഹാരം തേടിപോയി. മറ്റു കിളികൾ ഓരോ ജോലികൾ ചെയ്തുകൊണ്ടിരുന്നു. എന്നാൽ കുഞ്ഞിക്കിളി മടി പിടിച്ച് മരച്ചുവട്ടിൽ ഇരുന്നു. അപ്പോൾ മിന്നൻ പൂച്ച പതുങ്ങിവന്നു. കുഞ്ഞിക്കിളിയെ പിടിച്ചു. കുഞ്ഞിക്കിളിയുടെ കരച്ചിൽ കേട്ട് മറ്റു കിളികൾവന്ന് പൂച്ചയെ കൊത്തി ഓടിച്ചു.

അന്നുമുതൽ കുഞ്ഞിക്കിളി ഒരു പാഠം പഠിച്ചു........

## ചങ്ങാതി

സജീഷ്

10-A

ഓരോ കാഴ്ചയും  ഓരോ ഓർമ്മയാകുന്ന
അപ്രതീക്ഷിതങ്ങളുടെ ഒരു നട്ടുച്ചയിൽ
മിനാകങ്ങളുടെതണലിൽ വച്ച്
കൊഴിഞ്ഞു വീണകൊന്നപ്പൂക്കളിൽ
എനിക്കെന്റെ ചങ്ങാതിയെകിട്ടുന്നു
ഞാനാരേന്നോ നിയാരെന്നോ
ചോദിക്കാതെ സൗഹൃദത്താൽ
കരൾ നിറഞ്ഞ് വിണ്ടും കണ്ടെത്തുമെന്ന്
സുനിശ്ചിതത്വത്തിൽ
പുൽത്തകിടിവിട്ടിറങ്ങുന്നതും

*******************

## ചങ്ങാത്ത മേഘങ്ങൾ

**വിഷ്ണുമായ**

**10-B**

കൂട്ടുകൂടാനായന്റെ കൂട്ട തേടിയണഞ്ഞൊരു കുഞ്ഞാറ്റ കിളി

കാറ്റിനോട്ട കഥ മെനഞ്ഞും

കടലിനോട്ട കളി പറഞ്ഞും

കാടായകാടെല്ലാം മേടായ മേടെല്ലാം

കണ്ണാരം പൊത്തി കളിച്ചും

കണ്ണിൽ കണ്ണിൽ കണ്ണാടി നോക്കി

കൊക്കുരുമ്മി ചിറകുരുമ്മി

കിലുകിലെ കൊഞ്ചി ചിലച്ചും

കിളിക്കൂട്ടിലെന്നെ

കുളിരറിയിക്കാതെ

കവിൾ ചേർത്തുറക്കിയും

കനിവിന്റെ കനിവാമെന്റെ

കരളിന്റെ കരളായ

# ദർപ്പണം

കളികൂട്ടുകാരൻ ആയന്റെ കൂട്ട

തേടിയണഞ്ഞൊരുകുഞ്ഞാറ്റ കിളി

ചങ്ങാത്ത മേഘങ്ങൾ പെയ്തു മഴവിണ്ടും

ഒഴുക്കായി എന്നിൽ പുഴ ഇരുളിന്റെ

അലയാഴി തുഴയാൻ തുഴ ചിതലാർന്ന

പൊടിയാത്ത കനിയിൽ ഇഴ ചങ്ങാതി

നീയാണ് വഴിയിൽ തുണ മണ്ടാതെ നിയാണ് മുഴിയിതുണ......

# എണ്ണ നിറച്ച കരണ്ടി

സഞ്ജയ്

8-E

ഒരു സ്വപ്നദർശനത്തിന്റെ പ്രേരണയി സാന്റിയാഗോ എന്ന ഇടയബാലൻ നടത്തുന്ന യാത്രയാണ് ഇതിൽ വൃദ്ധൻ പറഞ്ഞു കൊടുത്ത ഒരു കഥയാണ്.

ഒരുകച്ചവടക്കാരൻ അയാളുടെ മകനെ അക്കാലത്തെ ഏറ്റവും പ്രസിദ്ധനായ ജ്ഞാനിയുടെ അരികിലേക്കയച്ച സന്തോഷത്തന്റെ രഹസ്യമെന്താണെന്ന് അറിഞ്ഞു വരാൻ ഏതാണ്ട് നാൽപ്പതുനാൾ അവൻ മരുഭൂമി നിയുടെ വാസസ്ഥലം കണ്ടുപിടിച്ചു. കുന്നിൻ മുകളിലുള്ള അതിമനോഹരമായ കൊട്ടാരം. അകത്തു ചെന്നപ്പോഴോ? അതിലും വലിയ വിസ്മയം അവന്റെ സങ്കൽപ്പത്തിലുണ്ടായിരുന്നത് അതിദിവ്യനായ ഒരുസത്യസിവനായിരുന്നു. പക്ഷേ ഇവിടെ നല്ല തിരക്കും. പലതരത്തിലുള്ള ആളുകൾ വരുന്നു. പോകുന്നു. ചിലർ മൂലകളിൽ കൂട്ടം കൂടി നിന്ന് സംസാരിക്കുന്നു. ഒരു ഭാഗത്ത് ചെറിയൊരു ഗാനമേള അതിനപ്പുറത്ത് സമൃദ്ധമായൊരു വിരുന്നു മേശ. വലിയ വലിയൾ വിളമ്പിവെച്ചിരിക്കുന്നു... ഓരോരുത്തരെയായി അരികിൽ വിളിച്ച് ജ്ഞാനി വിവരങ്ങളന്വേഷിക്കുന്നു.

ഏതാണ്ട് രണ്ടു മണിക്കൂർ കാക്കേണ്ടി വന്നു. അവന്റെ

തവണയെത്താൻ.. അവൻ തന്റെ വരവിന്റെ ഉദ്ദേശ്യം

ജ്ഞാനിയെ അറിയിച്ചു.

*********************

# ജലം

കവിത

സിദ്ധാർഥ് .എൻ

8.A

കുടിയ്ക്കുവാൻ വേണം ജലം

കുളിക്കുവാൻ വേണം ജലം

ജലക്ഷോമ്മിന്നു നാടാകെ ത്രുക്ഷം

ജനക്ഷേമ്മതിനാ ലെത്രഭയാ കഷടം

അരുത്തുത് ജല ദുരുപയോഗമരുത്തിനാൽ

അരുത്തുത് ജല ദുരുപയോഗമരുത്

ജല അമൂല്യമാണ് അത് കരുതുക ജനതേ

മലിനമാക്കാരുത് മാനവാ

അതു മലിനമാക്കരുത് മാനവാ

അതു മലിനമാക്കരുത് മാനവാ

*******************************

അൽപം
ഗണിതം

# ഗണിതവും ചിട്ടയും

## നോക്കൂ

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | 4 | 9 | 9 | 9 | 9 | 9 | 9 | 9 | * |
| | | | | | | 1 | 1 | 1 | 1 | 1 | 1 | 1 | 1 | |
| | | | | | | 4 | 9 | 9 | 9 | 9 | 9 | 9 | 9 | |
| | | | | | 4 | 9 | 9 | 9 | 9 | 9 | 9 | 9 | | |
| | | | | 4 | 9 | 9 | 9 | 9 | 9 | 9 | 9 | | | |
| | | | 4 | 9 | 9 | 9 | 9 | 9 | 9 | 9 | | | | |
| | | 4 | 9 | 9 | 9 | 9 | 9 | 9 | 9 | | | | | |
| | 4 | 9 | 9 | 9 | 9 | 9 | 9 | 9 | | | | | | |
| 4 | 9 | 9 | 9 | 9 | 9 | 9 | 9 | | | | | | | |
| 5 | 5 | 5 | 5 | 5 | 5 | 5 | 3 | 8 | 8 | 8 | 8 | 8 | 8 | 9 |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | 1 | 1 | 1 | 1 | 1 | 1 | 1 | 1 | * |
| | | | | | | | 1 | 1 | 1 | 1 | 1 | 1 | 1 | 1 | |
| | | | | | | | 1 | 1 | 1 | 1 | 1 | 1 | 1 | 1 | |
| | | | | | | 1 | 1 | 1 | 1 | 1 | 1 | 1 | 1 | | |
| | | | | | 1 | 1 | 1 | 1 | 1 | 1 | 1 | 1 | | | |
| | | | | 1 | 1 | 1 | 1 | 1 | 1 | 1 | 1 | | | | |
| | | | 1 | 1 | 1 | 1 | 1 | 1 | 1 | 1 | | | | | |
| | | 1 | 1 | 1 | 1 | 1 | 1 | 1 | 1 | | | | | | |
| | 1 | 1 | 1 | 1 | 1 | 1 | 1 | 1 | | | | | | | |
| 1 | 1 | 1 | 1 | 1 | 1 | 1 | 1 | | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 7 | 6 | 5 | 4 | 3 | 2 | 1 | |

## അളവുകളും ചിഹ്നങ്ങളും

| | | |
|---|---|---|
| ടെറ | T | $10^{12}$ |
| ജിഗ | G | $10^{9}$ |
| മെഗ | M | $10^{6}$ |
| കിലോ | K | $10^{3}$ |
| ഹെക്ടോ | H | $10^{2}$ |
| ഡെക്ക | DU | $10^{1}$ |
| ഡെസി | D | $10^{-1}$ |
| സെന്റി | C | $10^{-2}$ |
| മില്ലി | M | $10^{-3}$ |
| മൈക്രോ | U | $10^{-6}$ |
| നാനോ | N | $10^{-9}$ |
| പൈക്കോ | P | $10^{-12}$ |
| ഫെമ്റ്റോ | F | $10^{-15}$ |
| ആറ്റോ | A | $10^{-18}$ |

# മഹത് വചനങ്ങൾ

"അറിവാണ് ഈശ്വരൻ " -ശ്രീ നാരായണ ഗുരു

"മനുഷ്യൻ നന്നാവാൻ മനസ്സ് നന്നായാൽ മതി"-
ബ്രഹ്മാന്ദസ്വാമി ശിവയോഗി

"പഠിപ്പു തന്നെ മനുജന ഭൂഷണം" - ബ്രാഹ്മാനന്ദസ്വാമി ശിവയോഗി

"വിദ്യാധനം സർവ്വധനാൽ പ്രധാനം"-മഹാത്മ ഗാന്ധിജി

"മനസ്സിനെ ജയിക്കുന്നതാണ് മഹത്തായ ജയം"-
ബ്രഹ്മാനന്ദസ്വാമി

# ചവിട്ടുനാടകം

ഒരു കലാരൂപത്തെക്കുറിച്ച്

നിതിൻരാജ്

10-E

പോർച്ചുഗീസുകാരുടെ വരവിനു ശേഷം ഇവിടെയുണ്ടായ ഒരു കലാരൂപമാണ് ചവിട്ടുനാടകം .പാശ്ചാത്യ നാടകങ്ങളുടെ ചില അംശങ്ങൾ ഈ കല രൂപത്തിൽ കാണാൻക കഴിയും നാടോടിക്കലകളിൽ സമന്വതമായിട്ടുള്ള ഈകലാ രൂപം സംഗീതം നൃത്തം ഇതിൽ ചുവടുവയ്പ്പിനാണ് പ്രധന്യം. നാടകത്തിന്

ഉപയോഗിക്കുന്ന ഗാനങ്ങളുടെ ഇതിവൃത്തം മിക്കപ്പോഴും പുണ്യപരിപാവനന്മാരായ രക്തസാക്ഷികളുടെ ഇതിഹാസ കഥകളായിരിക്കും പലകഥകൾ പാകിയുണ്ടാക്കുന്ന തട്ട് വേദിയാക്കി അതിൽ താളത്തിൽ ചവിട്ടി നടക്കുന്ന നാടകമായതിനാൽ ഈ കലാരൂപത്തിന് ചവിട്ടു നാടകം എന്ന പേര് ലഭിച്ചത്.

***********************

# കായികം




കൊല്ലങ്കോട് ഉപജില്ലാതലം

ജൂനിയർ വിഭാഗംവോളിബോൾ-ഒന്നാം സ്ഥാനം



സുബ്രതോമുഖർജി ഫുട്ബോൾ

സബ് ജൂനിയർ വിഭാഗം ഒന്നാം സ്ഥാനം

# കായികം



ജൂനിയർ വിഭാഗം

ഫുട്ബോൾ-രണ്ടാം സ്ഥാനം



**ഡാനി മാസ്റ്ററുടെ യോഗ ക്ളാസ്സ്**

## സംസ്ഥാനതലത്തിൽ പങ്കെടുത്ത് സമ്മാനർഹരായവർ



സുജിത്.ആർ



ഗോകുൽ. എം



മിഥുരാജ്.എസ്

## തൈക്കോൺഡോ സംസ്ഥാനതലത്തിൽ പങ്കെടുത്തവർ





# നന്ദി

ഞങ്ങൾ ലിറ്റൽ കൈറ്റ്സ് വിദ്യാർത്ഥികളെ ഈ മാഗസിൻ നിർമ്മിക്കാൻ പ്രോത്സാഹിപ്പിക്കുകയും ഞങ്ങൾക്കൊപ്പം നിന്ന് സഹകരിക്കുകയും ചെയ്ത എല്ലാവർക്കും ഞങ്ങളുടെ ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു...

